# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035

**ഫോൺ:** 04712302490 **ഫാക്സ്:**04712303025/20303080

**ഇ-മെയിൽ** : dhskerala@gmail.com വെബ്സൈറ്റ്: www.dhs.kerala.gov.in

നം.ഒ&എം4-63329/2016/ആ.വ.ഡ തീയതി : 21/10/2022

## സർക്കുലർ

വിഷയം :- ആ.വ.ഡ. ജീവനക്കാര്യം-നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 1, ഗ്രേഡ് 2 ജീവനക്കാരുടെ യൂണിഫോം പരിഷ്കരണം-തുടർ നിർദ്ദേശങ്ങൾ- സംബന്ധിച്ച്

സൂചന :-
1. സർക്കാർ ഉത്തരവ് നം. (ആർ.ടി) 3059/2017/ആ.കു.വ. തീയതി:02/11/2017
2. ഈ ഓഫീസ് ഉത്തരവ് നം. ഒ&എം 4-90741/2019/ അ.വഡ. തീയതി:11/05/2018
3. ചുറ്ററിയിപ്പ് നം. ഒ&എം4-63329/2016/അ.വ.ഡ. തീയതി:26/11/2018 & 12/04/2019
4. കേരള എൻ.ജി.ഒ. യൂണിയൻ ജനറൽ സെക്രട്ടറിയുടെ 05/12/2018 തീയതിയിലെ നിവേദനം
5. സർക്കാർ കത്ത് നം എച്ച്.1/112/2020 ഹെൽത്ത് തീയതി: 28/09/2022

സൂചന (1) സർക്കാർ ഉത്തരവ് മുഖേന ആരോഗ്യവകുപ്പിലെ നഴ്സിംഗ് അസിസ്റ്റന്റ്/അറ്റൻന്റർ വിഭാഗം ജീവനക്കാർക്ക് നിലവിലുള്ള യൂണിഫോമിനു പുറമേ ഓവർകോട്ട് അനുവദിക്കുകയും ടി തസ്തികകളിലെ വനിതാവിഭാഗം ജീവനക്കാർക്ക് സാരിയോ ചുരിദാറോ ധരിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിരുന്നു. തുടർന്ന് സൂചന (2) ഉത്തരവു മുഖേന ടി വിഭാഗം ജീവനക്കാർക്ക് അനുവദിച്ച ഓവർകോട്ടിന് വിവിധ നിറം നിശ്ചയിച്ചുകൊണ്ട് ഉത്തരവായിരുന്നു. ടി വിഭാഗം ജീവനക്കാരെ തിരിച്ചറിയുന്നതു സംബന്ധിച്ച വ്യവസ്ഥകൾ പ്രതിപാദിച്ചുകൊണ്ട് തുടർന്ന് സൂചന (3) ചുറ്ററിയിപ്പുകൾ പുറപ്പെടുവിയ്ക്കുകയും ആയതിൻപ്രകാരം ടി തസ്തികകൾക്ക് നിശ്ചയിക്കപ്പെട്ട ഓവർകോട്ടിന് വിവിധ നിറത്തിലുള്ള ബോർഡറുകൾ നിശ്ചയിക്കുകയും യൂണിഫോം വസ്ത്രധാരണം സംബന്ധിച്ച് നിബന്ധനകൾ നിഷ്കർക്ഷിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം നിബന്ധനകൾ നിഷ്കർഷിച്ചത് വിവേചനപരമാണെന്നും ആയത് പുന:പരിശോധിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിക്കപ്പെട്ട സൂചന (4) നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ടി വിഷയം വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്യുകയും സംഘടനകളുടെ അഭിപ്രായം സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിരുന്നു. ആയതിനുമറുപടിയായി സൂചന (5) കത്തു മുഖേന ലഭിച്ചിട്ടുള്ള സർക്കാർ നിർദ്ദേശം പ്രകാരം നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 2, ഗ്രേഡ് 1 എന്നീ വിഭാഗങ്ങളിൽപ്പെട്ട വനിതാ ജീവനക്കാരെ തിരിച്ചറിയാൻ ഓരോ കാറ്റഗറിയ്ക്കും വ്യത്യസ്ത നിറങ്ങളിലുള്ള ഓവർകോട്ട് ഉണ്ടെന്നിരിക്കെ അവരുടെ വസ്ത്രധാരണരീതിയിൽ സൂചന (3) പ്രകാരമുള്ള നിഷ്കർഷ വിവേചനപരമാണെന്നുമുള്ള സർവ്വീസ് സംഘടനകളുടെ അഭിപ്രായം പരിഗണിക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ, ആരോഗ്യവകുപ്പിലെ നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 2, ഗ്രേഡ് 1 എന്നീ വിഭാഗത്തിൽപ്പെട്ട വനിതാ ജീവനക്കാരുടെ യൂണിഫോം വസ്ത്രധാരണം സംബന്ധിച്ച് സൂചന (3) മുഖേന പുറപ്പെടുവിച്ചിട്ടുള്ള ചുറ്ററിയിപ്പുകളിലെ വ്യവസ്ഥകൾ പൂർണ്ണമായി റദ്ദു ചെയ്തുകൊണ്ട് ടി ജീവനക്കാരുടെ യൂണിഫോമിന്റെ രീതിയും നിറവും സംബന്ധിച്ച് ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

| തസ്തിക | യൂണിഫോംരീതി/നിറം |
| --- | --- |
| നഴ്സിംഗ് അസിസ്റ്റന്റ് | 1. വെള്ള നിറത്തിലുള്ള സാരി/ചുരിദാർ ടോപ്പ് & പാന്റ്<br>2. ബിസ്ക്കറ്റ് ബ്രൗൺ നിറത്തിലുള്ള പ്ലെയിൻ ഓവർകോട്ട് |
| ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 1 | 1. വെള്ള നിറത്തിലുള്ള സാരി/ചുരിദാർ ടോപ്പ് & പാന്റ്<br>2. നേവി ബ്ലൂ നിറത്തിലുള്ള പ്ലെയിൻ ഓവർകോട്ട് |
| ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 2 | 1. കടുംനീല നിറത്തിലുള്ള സാരി/ചുരിദാർ ടോപ്പ് &പാന്റ്<br>2. സ്കൈബ്ലൂ നിറത്തിലുള്ള പ്ലെയിൻ ഓവർകോട്ട് |

ഓവർകോട്ട് നിറത്തിന്റെ അടിസ്ഥാനത്തിലും ഔദ്യോഗിക തിരിച്ചറിയൽ കാർഡിന്റെ അടിസ്ഥാനത്തിലും മേൽ വിവരിച്ച വിഭാഗം ജീവനക്കാരെ തിരിച്ചറിയാവുന്ന സാഹചര്യത്തിൽ യൂണിഫോമിലോ ഓവർകോട്ടിലോ യാതൊരുവിധ ബോർഡറുകളോ മറ്റ് പരിഷ്കാരങ്ങളോ നിഷ്കർഷിച്ചിട്ടില്ലാത്തതും അപ്രകാരം ഏതെങ്കിലും വിധത്തിലുള്ള പരിഷ്കാരങ്ങൾ വരുത്താൻ പാടില്ലാത്തുമാണ്.

മേൽ നിർദ്ദേശങ്ങൾ പ്രകാരം പ്രസ്തുത തസ്തികകളിൽപ്പെട്ട ജീവനക്കാർ യൂണിഫോമും ഔദ്യോഗിക തിരിച്ചറിയൽ കാർഡും കൃത്യമായി ധരിക്കേണ്ടതും ആയത് സ്ഥാപനമേധാവികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 2, ഗ്രേഡ് 1 തസ്തികകളിലെ പുരുഷവിഭാഗം ജീവനക്കാരുടെ യൂണിഫോം സംബന്ധിച്ച് നിലവിലെ സ്ഥിതി തുടരേണ്ടതും സൂചന (5) സർക്കാർ കത്തിലെ നിർദ്ദേശപ്രകാരം സർവ്വീസ് സംഘടനകളുമായി കൂടിയാലോചിച്ച് ആയത് പരിഷ്കരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

21/10/2022

ഡോ. വി. മീനാക്ഷി
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താക്കൾ

മേൽ വിവരിച്ച വിഭാഗം ജീവനക്കാർ(മേലധികാരി മുഖേന)

പകർപ്പ്-

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും-തങ്ങളുടെ കീഴിലുള്ള സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകുന്നതിനായി
2. അഡീഷണൽ ഡയറക്ടർമാർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
3. ഫയൽ/ കരുതൽ ഫയൽ